ജി യു പി എസ് വട്ടേക്കാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26



| അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് 1 | | | | |
|---|---|---|---|---|
| മേഖല-ഭാഷ | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വായന പരിപോഷിപ്പിക്കുന്നു | • ചിത്ര വായന വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു<br>• വായന മൂല<br>• പത്രവായന<br>• വായന കാർഡ് തയ്യാറാക്കൽ<br>• തനത് പരിപാടി 'തിളക്കം' | ജൂൺ ഒക്ടോബർ | ടീച്ചർ<br>രക്ഷിതാക്കൾ | |
| ലേഖനം | • ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>• സചിത്ര ബുക്ക്<br>• സംയുക്ത ഡയറി എഴുത്ത്<br>•ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു എഴുതുന്നു.<br>•ആവർത്തിച്ചുവരുന്ന പദങ്ങൾ | ടീച്ചർ<br>രക്ഷിതാക്കൾ | ഡിസംബർ-മാർച്ച് | |

| | | | | |
|---|---|---|---|---|
| | **കണ്ടെത്തുന്നു എഴുതുന്നു<br>• സാങ്കല്പിക ഡയറി എഴുതൽ<br>• ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു** | | | |
| **മേഖല-English** | | | | |
| Aims | Activities | Duration | Support | |
| Reading | • to develop listening skills and reading skills.<br>• description, growing sentences, picture reading, riddles,quiz<br>• find words from reading material<br>• rhyming words<br>• describing words from textbook | June-August | Teachers parents | |
| Writing | • Make Word Web<br>• Picture description<br>• Word chain<br>• Story telling<br>• Riddles<br>• Conversation | September - March | Teachers parents | |
| **മേഖല-ഗണിതം** | | | | |
| **സംഖ്യാബോധം** | **• സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം.<br>• സംഖ്യകൾ** | **ജൂൺ** | **അധ്യാപകർ രക്ഷിതാ** | |

| | | | | |
|---|---|---|---|---|
| | തിരിച്ചറിഞ്ഞ് പറയുന്നു.<br>• സംഖ്യാ കാർഡ് നിർമ്മിക്കൽ. | | ക്കൾ | |
| ഗണിത കിറ്റ് | ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. | ജൂലൈ | അധ്യാപകർ രക്ഷിതാക്കൾ | |
| വലിയ സംഖ്യ /ചെറിയ സംഖ്യ | ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ.<br>വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം. | ആഗസ്റ്റ് | അധ്യാപകർ രക്ഷിതാക്കൾ | |
| സങ്കലന ക്രിയകൾ | സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സംഘടന ക്രിയകൾ നടത്തൽ | സെപ്റ്റംബർ ഒക്ടോബർ നവംബർ | അധ്യാപകർ രക്ഷിതാക്കൾ | |
| ഒറ്റ ഇരട്ട | ഒറ്റ ഇരട്ട | | അധ്യാപ | |

| | | | | |
|---|---|---|---|---|
| സംഖ്യകൾ- | സംഖ്യകളുടെ<br>തിരിച്ചറിയൽ<br>പ്രവർത്തനം | ഡിസം<br>ബർ | കർ<br>രക്ഷിതാ<br>ക്കൾ | |
| സങ്കലനം<br>വ്യവകലനം<br>വർക്ക് ഷീറ്റ് | My number book<br>തയ്യാറാക്കൽ.<br>+,-തിരിച്ചറിയുന്ന<br>തിനുള്ള<br>പ്രവർത്തനങ്ങ<br>ൾ. | ജനുവരി<br>- മാർച്ച് | അധ്യാപ<br>കർ<br>രക്ഷിതാ<br>ക്കൾ | |
| മേഖല- പരിസര പഠനം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| നിരീക്ഷണം | പ്രകൃതി നടത്തം | ജൂൺ | | |
| വർഗീകരണം | ചെടികളെ<br>നിരീക്ഷിച്ച്<br>വ്യത്യസ്തത<br>ഉണ്ടെന്ന്<br>കണ്ടെത്തൽ | ജൂലൈ | | |
| തരംതിരിക്കൽ | പലതരത്തിലു<br>ള്ള പൂക്കൾ<br>പ്രദർശിപ്പിക്കു<br>ന്നു. | ആഗസ്റ്റ് | അധ്യാപ<br>കർ<br>രക്ഷിതാ<br>ക്കൾ<br>PTA<br>അംഗ<br>ങ്ങൾ | |
| നിർമ്മിക്കൽ | സ്കൂളിൽ<br>പൂന്തോട്ടം<br>നിർമ്മിക്കുന്നു.<br>ചെടികളെ<br>നിരീക്ഷിച്ച്<br>അവയുടെ<br>ഭാഗങ്ങൾ<br>കണ്ടെത്തുന്നു. | സെപ്റ്റം<br>ബർ<br>ഒക്ടോബ<br>ർ | | |

| | | | | |
|---|---|---|---|---|
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | പച്ചക്കറികൾ, പഴങ്ങൾ,കിഴങ്ങുകൾ, പൂക്കൾ എന്നിവ വേർതിരിച്ച് അതിന്റെ ഭാഗങ്ങളും മറ്റും കണ്ടെത്തുന്ന പ്രവർത്തനം | നവംബർ ഡിസംബർ ജനുവരി | | |
| അടുക്കളത്തോട്ടം | അടുക്കളത്തോട്ടം നിർമ്മിക്കുന്ന പ്രവർത്തനം | ഫെബ്രുവരി മാർച്ച് | | |

| ആക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് 2 | | | | |
|---|---|---|---|---|
| മേഖല- മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് ആശയങ്ങൾ പറഞ്ഞു എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു. | • ചിത്ര കാർഡുകൾ നൽകൽ(ചിത്രവും പദവും ഉൾക്കൊണ്ടത് )<br>• ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ<br>• വായന സാമഗ്രികൾ നിർമിക്കൽ | ജൂൺ | ടീച്ചർ | |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുന്നു. | •ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പിക്കുന്നു<br>• സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>• എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ<br>• ചിത്ര വിവരണം<br>• വീട്ടു ലൈബ്രറി ഒരുക്കൽ | ജൂലൈ ആഗസ്റ്റ് | ടീച്ചർ രക്ഷിതാക്കൾ<br><br>കുട്ടികൾ | |
| എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവർ ആക്കുന്നു. | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ<br>• വായിച്ച കഥയിൽ സംഭാഷണം ഒരുക്കൽ<br>• വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>• വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ<br>• പാട്ടരങ്ങ് പ്രകൃതി നടത്തം | ഒക്ടോബർ | ടീച്ചർ കുട്ടികൾ | |

| | | | | |
|---|---|---|---|---|
| | യാത്രാവിവരണം ലേഖനം എന്നിവയ്ക്ക് അവസരം ഒരുക്കൽ<br>• കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചകം ആയി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ<br>• വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ | | | |
| വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | • കുട്ടികൾ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു<br>• എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു | ഒക്ടോബർ | ടീച്ചർ രക്ഷകർത്താവ് | |
| അക്ഷരമഴ- തനതു പ്രവർത്തനം | • ഭാഷയുടെ വിവിധ തലങ്ങളിൽ | ഡിസംബർ | ടീച്ചർ രക്ഷകർത്താ | |

| | | | | |
|---|---|---|---|---|
| ആരംഭിക്കുന്നു മാസാവസാനം പ്രഖ്യാപനം നടത്തുന്നു. | എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസീനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു | | വ് | |
| ആശയം,ഈണം താളം, എന്നിവ പരിഗണിച്ചു വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. | • വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും ഉള്ള അവസരം ഒരുക്കുന്നു.<br>• ലഘു വിവരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനും അവസരം ഒരുക്കുന്നു.<br>• അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു.<br>• എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ | ഫെബ്രുവരി മാർച്ച് | ടീച്ചർ<br>രക്ഷകർത്താവ് | |

| | | | | |
|---|---|---|---|---|
| | സാധിച്ചു എന്ന് ഉറപ്പുവരുത്തുന്നു .(ഭാഷണം ലേഖനം)<br>• കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ.<br>• വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ<br>• ഓരോ കുട്ടിയും ഓരോ പതിപ്പുകൾ കയ്യെഴുത്തു മാസിക മാഗസിനുകൾ എന്നിവ തയ്യാറാക്കുന്നു.<br>•PTA മീറ്റിങ്ങിലും കോർണർ PTA എങ്കിലും അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ | | | |
| മേഖല -ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |

| | | | | |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ | •10,20,30..... 1,2,3,4..... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തുന്നു<br>• ഒരു സംഖ്യയോട് ഒന്നു കൂട്ടിയാൽ തൊട്ടടുത്ത സംഖ്യയും ഒന്നു കുറച്ചാൽ തൊട്ടുമുൻപുള്ള സംഖ്യയും കിട്ടുമെന്ന് തിരിച്ചറിയുന്നു. | ജൂൺ | ടീച്ചർ | |
| ഗണിത കിറ്റ് ഉപയോഗിച്ച് ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയുന്നു.<br>• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ | | | |
| സംഖ്യാബോധവും | •10 ന്റെയും 100 ന്റെയും കൂട്ടങ്ങൾ | ആഗസ്റ്റ് | ടീച്ചർ | |

| | | | | |
|---|---|---|---|---|
| ക്രിയാശേഷിക ളും എല്ലാവരിലും നേടിയെടുക്കുന്ന തിന് | ചേർത്ത് രണ്ടക്കസംഖ്യ രൂപീകരിക്കുന്നു<br>• വിവിധ പാറ്റേണുകൾ രൂപീകരിക്കുന്നു<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ | | | |
| ഒരു നിശ്ചിത സംഖ്യയിൽ (100ഇൽ താഴെ )നിന്ന് ക്രമമായി എണ്ണുന്നു;എഴു തുന്നു | • ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കുന്നു<br>• വില വിവര പട്ടിക തയ്യാറാക്കൽ<br>• ക്ലാസിൽ ഒരു കട സ്കൂളിൽ ഒരു കട ഗണിതശയങ്ങൾ പ്രായോഗിക രീതിയിൽ ഉറപ്പിക്കൽ | സെപ്റ്റം ബർ | ടീച്ചർ | |
| ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.<br>• സങ്കലന | ഡിസം ബർ | ടീച്ചർ | |

| | | | | |
|---|---|---|---|---|
| മേഖലയിൽ എത്തിച്ചേരുന്നു. | വ്യവകലന പ്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• സംഖ്യ പാറ്റേണുകൾ രൂപീകരിക്കൽ<br>• സ്ഥാന വില തിരിച്ചറിയൽ<br>• പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതുന്നു<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ അവ കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>• സംഖ്യാബോധം തിരിച്ചറിയൽ സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ<br>• സ്ഥാനവില പോക്കറ്റ് അബാക്കസ് എന്നിവ നിർമ്മിക്കുന്നു | | | |

| | | | | |
|---|---|---|---|---|
| | • രണ്ടക്ക സംഖ്യകളുടെ തുക കാണുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു | | | |
| പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | • വില വിവര പട്ടിക തയ്യാറാക്കൽ<br>• വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നനിർദ്ധാരണം ചെയ്തു തുക കണ്ടെത്തൽ<br>• സംഘടന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>• ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതലാപനം നടത്തൽ | ഫെബ്രുവരി | ടീച്ചർ | |

| | | | | |
|---|---|---|---|---|
| | • ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കും ഗണിത പഠനം കളി രീതിയിൽ ഉറപ്പിക്കുന്നു വിജയം കണ്ടെത്തുന്നു. | | | |
| കലണ്ടർ നോക്കി ഒരു നിശ്ചിത തീയതി ഏത് ദിവസമാണെന്ന് കണ്ടെത്തി കലണ്ടറിലെ സംഖ്യാ ബന്ധങ്ങൾ കണ്ടെത്തി പാറ്റേണുകൾ രൂപീകരിക്കുന്നു. | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിലെ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയുന്നു<br>• സംഖ്യ പാറ്റേൺ രൂപീകരണം<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ | മാർച്ച് | ടീച്ചർ | |
| മേഖല-English | | | | |
| Aim | Activity | Duration | Support | |
| Enable the learners to get more chance for listening English language | Showing cartoons or cinema in English language | Once in a month | SRG class teacher | |
| Enable the learners | English Balasabha | Once in a | SRG | |

| | | | | |
|---|---|---|---|---|
| to speak in English confidently | English assembly | month Once in a week | Class teacher | |

| ആകാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് 3 | | | | |
|---|---|---|---|---|
| **മേഖല-ഭാഷ** | | | | |
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| **നാടൻ പാട്ട് ചൊല്ലിയും പിടിച്ചും അശയം ഗ്രഹഹിക്കുന്നു കണ്ടെത്തുന്നു.** | **• വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു അവതരിപ്പിക്കുന്നു • ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു അത് പതിപ്പാക്കുന്നു.** | **ജൂൺ** | **വിദ്യാരംഗം** | |
| **പഴഞ്ചൊല്ലുകളും നാട്ടുമുഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ** | **•പഴഞ്ചൊല്ലുകളുടെ അവതരണം. • ശേഖരണം • പതിപ്പ് തയ്യാറാക്കൽ.** | **ജൂലൈ** | **വിദ്യാരംഗം** | |

| | | | | |
|---|---|---|---|---|
| കുട്ടികളെയും പ്രാപ്തരാക്കുക. | | | | |
| സാഹിത്യ രചനകൾ (കവിത,കഥ,വിവരണം) കേട്ടും വായിച്ചും ആശയം ഗ്രഹിക്കുന്നു | • കഥ, കവിത വായന<br>•കഥാപാത്രങ്ങളെ കണ്ടെത്തൽ അവതരണം. | ജൂലൈ | വിദ്യാരംഗം | |
| ആശയവിക്രതയോടെ അക്ഷര തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക. | • അക്ഷര കാർഡുകൾ, വായന കാർഡുകൾ ഇവയുടെ നിർമ്മാണം.<br>• വായന (കുഞ്ഞുപുസ്തകങ്ങൾ)<br>• ഓണപ്പതിപ്പ് ( ചിത്രങ്ങൾ,പദങ്ങൾ,പാട്ടുകൾ) തയ്യാറാക്കൽ.<br>•ഫിൽഡ് ട്രിപ്പ്( കൃഷിയിടം സന്ദർശനം)<br>• വിവരണം എഴുതൽ<br>• ചിത്രം നോക്കി കഥ പറയൽ, സംഭാഷണം.<br>• കൂട്ട വായന<br>• വാക്യ നിർമ്മാണം | ആഗസ്റ്റ്-മാർച്ച് | | |

| | | | | |
|---|---|---|---|---|
| | • അടിക്കുറിപ്പ് എഴുതൽ<br>• വരികൾ കൂട്ടിച്ചേർക്കൽ<br>• കഥ പൂർത്തിയാക്കൽ• ഗുണപാഠ കഥകളുടെ വായന.<br>• വായന കളരി<br>• കഥാ രചന | | | |
| മേഖല-ഗണിതം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, തരംതിരിക്കുന്നു , നിർമ്മിക്കുന്നു, നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു, | • ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ചിത്രങ്ങൾ തയ്യാറാക്കൽ.<br>• ചിത്രപ്പതിപ്പ് തയ്യാറാക്കൽ | | | |

| | | | | |
|---|---|---|---|---|
| **രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.** | | | | |
| **മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്ന ശേഷികൾ ഉറപ്പിക്കുക.** | **കളം നിറയ്ക്കാം**<br>**1-100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്കളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക.**<br>**• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ• മൂന്നക്ക സംഖ്യകൾ എഴുതൽ**<br>**• കളി നോട്ട് ഉപയോഗിച്ചുള്ള സംഖ്യകളെ കണ്ടെത്തൽ**<br>**• അബാക്കസ് ഉപയോഗിച്ച് സംഖ്യകളെ ക്രമീകരിക്കൽ.** | **ജൂലായ് ആഗസ്റ്റ്_** | **ക്ലാസ് അധ്യാപിക** | |
| **മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും** | **• സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ** | **അക്കാദമിക വർഷം** | | |

| | | | | |
|---|---|---|---|---|
| **ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.** | **കണ്ടെത്തുന്നു.<br>• വിവിധ ക്രിയകളിൽ ഏർപ്പെടുന്നു സങ്കലനം,വ്യവകലനം, ഗുണനം, ഹരണം.<br>• സംഖ്യകളെ കൂട്ടങ്ങളാക്കൽ, ആരോഹണ ക്രമത്തിൽ സംഖ്യകളെ കണ്ടെത്തി എഴുതൽ.** | | | |
| **മേഖല-English** | | | | |
| Aims | Activities | Duration | Support | Fund |
| Listen to instruction and engage in activities. | • Give more chance to hearing instructions based on the day today life and classroom | June-March | Teacher | |
| Describe the pictures | • Picture description.<br>• Discussion<br>• The children talk about the picture.<br>•Gives opportunity to express their idea in their mother tongue | July-August | Teacher | |
| Arrange words in alphabetical order. | • Introducing dictionary.<br>• Give new words.<br>Arranging words in | August - December | Teacher | |

| | | | | |
|---|---|---|---|---|
| | alphabetical order | | | |
| Read and understand paragraph and sentences from lessons. | School's own activity ' flowering Buds' | November December | Teacher | |
| Add more exchanges to conversation suitable to the context. | • Reading the conversation.<br>• Acting the conversations with friends.<br>• Add more exchange to the conversation. | July-March | Teacher | |
| Identify rhyming words from the poem. | • Identify rhyming words<br>•Group discussion | July September | Teacher | |
| Add lines to a poem following a set pattern. | Add more lines | December-February | Teacher | |
| Make simple riddles | • make simple riddles<br>• Give children the opportunity to hear and answer simple riddles. | October-December | Teacher | |
| Read and understand the given stories and poems | •Provides the opportunity to read simple stories and the poems.<br>•They told the story they read. | Academic year | Teacher | |
| **മേഖല-പരിസര പഠനം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | | |

| | | | | |
|---|---|---|---|---|
| | | | ചുമത<br>ല | |
| ചുറ്റുപാടുമുള്ള<br>സസ്യങ്ങളെ<br>അവയുടെ<br>പ്രത്യേകതകൾ<br>ക്ക് അനുസരിച്ച്<br>തരംതിരിക്കുന്നു<br>,<br>നിരീക്ഷിക്കുന്നു,<br>വ്യത്യാസങ്ങൾ<br>തിരിച്ചറിയുന്നു. | • പ്രകൃതി നടത്തം<br>• ഫീൽഡ് ട്രിപ്പ്<br>• ഒരു തൈ നടൽ<br>• പൂന്തോട്ടം<br>ഒരുക്കൽ<br>• പോസ്റ്റർ<br>നിർമ്മാണം. | ജൂൺ<br>ജൂ<br>ലൈ | സയൻ<br>സ്<br>ക്ലബ് | |
| പരിസ്ഥിതി<br>സൗഹൃദ<br>മനോഭാവം<br>വളർത്തിയെടു<br>ക്കുക. | • പ്രകൃതി<br>സംരക്ഷണ<br>പോസ്റ്റർ<br>തയ്യാറാക്കൽ.<br>• പതിപ്പ്<br>തയ്യാറാക്കൽ. | ജൂൺ-<br>മാർച്ച് | സയൻ<br>സ്<br>ക്ലബ്ബ് | |
| കുട്ടികളെ<br>വ്യക്തി ശുചിത്വം<br>പരിസര<br>ശുചിത്വം<br>ഉള്ളവരാക്കി<br>മാറ്റുന്നു. | • പോസ്റ്റർ<br>നിർമ്മാണം<br>• ക്ലാസ്<br>ശുചീകരണ<br>പ്രവർത്തനങ്ങൾ<br>• ചർച്ച. | ആഗ<br>സ്റ്റ്-<br>ഒക്ടോ<br>ബർ | സയൻ<br>സ്<br>ക്ലബ് | |
| ശാസ്ത്ര<br>വിഷയങ്ങളിൽ<br>അഭിരുചിയും<br>താല്പര്യവും<br>വളർത്തുക. | • ശാസ്ത്ര കൗതുകം<br>വളർത്തുന്ന<br>പരീക്ഷണങ്ങളിൽ<br>ഏർപ്പെടുന്നു.<br>• അഭിമുഖം (<br>ശാസ്ത്രജ്ഞനുമാ<br>യി) | ഡിസം<br>ബർ<br>-ഫെ<br>ബ്രുവ<br>രി | സയൻ<br>സ്<br>ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| | | മാർച്ച് | | |

| അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ് 4 | | | | |
|---|---|---|---|---|
| മേഖല: പരിസര പഠനം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ആവാസ വ്യവസ്ഥ നിരീക്ഷണം ജീവിത അജീവിയെ ഘടക ങ്ങൾ കണ്ടെത്തൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം | ആവാസ വ്യവസ്ഥ സന്ദർശനം,മരം നട്ടുവളർത്തൽ,പരിപാലനം- എന്റെ മരം- ഡയറി,ബോധവത്ക്കരണ ക്ലാസുകൾ, ജൈവ വൈവിധ്യ ഉദ്യാനം പരിപാലനം. | ജൂൺ ജൂലൈ | ഇക്കോ ക്ലബ് | PTA |
| പരിസ്ഥിതി നിരീക്ഷണം പരിസ്ഥിതി സംരക്ഷണം | ഫീൽഡ് ട്രിപ്പ് | | ഇക്കോ ക്ലബ് | |
| കുട്ടികളെ ദേശസ്നേഹമുള്ള പൗരന്മാരായി വളർത്തുന്നതിനുള്ള അടിസ്ഥാന പാഠങ്ങൾ. സ്വാതന്ത്രസമര | സ്വാതന്ത്ര്യ സമര ചരിത്ര വായന. സ്വാതന്ത്ര്യ സമര നേതാക്കന്മാരെ അറിയൽ,സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്ര പ്രദർശനം, സ്കിറ്റ് അവതരണം. | ആഗസ്റ്റ് | | |

| | | | | |
|---|---|---|---|---|
| ങ്ങൾ,നേതാക്കന്മാർ എന്നിവരെക്കുറിച്ച് വായി ച്ചും വീഡിയോയിലൂടെയും മനസ്സിലാക്കുന്നു. | | | | |
| പതിപ്പ് തയ്യാറാക്കൽ ചുമർപത്രിക തയ്യാറാക്കൽ | സ്വാതന്ത്ര്യ സമര നേതാക്കന്മാർ സംഭവങ്ങൾ, സ്വാതന്ത്ര്യ സമര ഗാനങ്ങൾ, സ്വാതന്ത്ര്യ സമര സേനാനികളുമായി അഭിമുഖം നടത്തുന്നു. | സെപ്റ്റംബർ | സോഷ്യൽ സയൻസ് ക്ലബ് | PTA |
| ഇന്ത്യയെ അറിയാം സംസ്ഥാനങ്ങൾ തലസ്ഥാനങ്ങൾ കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവ മനസ്സിലാക്കുന്നു വിവരങ്ങൾ ശേഖരിക്കുന്നു. | ഭൂപട വായന,പട്ടികപ്പെടുത്തൽ,വൈവിധ്യങ്ങൾ കണ്ടെത്തൽ,ചോദ്യോത്തര പയറ്റ്, പതിപ്പ് തയ്യാറാക്കൽ, പദപ്രശ്ന നിർമ്മാണം, പസിൽ ഫീൽഡ് ട്രിപ്പ് | ഒക്ടോബർ | സോഷ്യൽ സയൻസ് ക്ലബ് | PTA BRC |
| ചുറ്റുപാടുമുള്ള പക്ഷി വർഗ്ഗങ്ങളെ | നേച്ചർ ക്യാമ്പ് സംഘടിപ്പിക്കൽ പ്രകൃതി നടത്തം | നവംബർ | നേച്ചർ ക്ലബ്ബ് | PTA |

| | | | | |
|---|---|---|---|---|
| കുറിച്ച് കൂടുതൽ അറിയാൻ | പക്ഷികളുടെ പ്രത്യേകതകൾ കണ്ടെത്തി പട്ടികയാക്കൽ | ഡിസം ബർ | | |
| കേരളത്തിലെ വിവിധ തരത്തിലുള്ള കലാരൂപങ്ങൾ പരിചയപ്പെടുന്നതിനും അതിന്റെ ഭാഗമാകുന്നതിനും | കേരളകലാമണ്ഡലം സന്ദർശനം കലകളെ പട്ടികപ്പെടുത്തൽ ആൽബം തയ്യാറാക്കൽ വീഡിയോ പ്രദർശനം കലാകാരന്മാരുടെ അവതരണം (നൃത്തം ) | ജനുവരി | സോഷ്യൽ സയൻസ് ക്ലബ് | |
| ശാസ്ത്ര മനോഭാവം ഉണ്ടാക്കുന്ന ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ലഘുപരീക്ഷണങ്ങളുടെ പ്രദർശനം, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ, ലഘു പരീക്ഷണ മൂല/മേള സംഘടിപ്പിക്കൽ. | ഫെബ്രുവരി | സയൻസ് ക്ലബ് | PTA BRC |
| തദ്ദേശസ്വയംഭരണ സംവിധാനം മനസ്സിലാക്കൽ. പൊതു സ്ഥാപനങ്ങളുടെ സേവനങ്ങൾ | പഞ്ചായത്ത് സന്ദർശനം പൊതുസ്ഥാപനങ്ങൾ( പോലീസ് സ്റ്റേഷൻ പോസ്റ്റ് ഓഫീസ് )അഭിമുഖം | ഫെബ്രുവരി മാർച്ച് | സോഷ്യൽ സയൻസ് ക്ലബ് | PTA |

| | | | | |
|---|---|---|---|---|
| മനസ്സിലാക്കുന്നു | റിപ്പോർട്ട് തയ്യാറാക്കൽ | | | |
| മേഖല - മലയാളം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കവിതകൾ ഈണത്തിലും താളത്തിലും ആശയം ഉൾക്കൊണ്ട് അവതരിപ്പിക്കുന്നു. | കവിതകൾ ആത്മകമായി ചൊല്ലുന്നു. (താളം, ഉച്ചാരണം,സംഘമായി ചൊല്ലൽ, വരികളും താളവും ആയുള്ള ബന്ധം ) കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ വായ്ത്താരികൾ താളമിട്ട് ചൊല്ലൽ. | ജൂൺ ജൂലൈ | അധ്യാപകർ, വിദ്യാരംഗം കലാസാഹിത്യവേദി | PTA |
| ആശയവിക്തതയോടെ എല്ലാ കുട്ടികളെയും വായനയിലേക്ക് എത്തിക്കൽ | ഭാവാത്മക വായന ഉച്ചാരണം ശബ്ദ നിയന്ത്രണം നിർത്തലുകൾ,ആശയക്തത). <u>റീഡേഴ്സ് തിയേറ്റർ</u> കുട്ടികൾക്ക് പരിചിത മായ കഥ നൽകി കഥ വായിച്ച് കഥാപാത്ര വിശകലനം ചെയ്ത് അതിന്റെ വിവിധ രൂപങ്ങൾ അവതരിപ്പിക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ | ഭാഷ ക്ലബ് | PTA |

| | | | | |
|---|---|---|---|---|
| | നാടകം കഥപറയൽ ടാബ്ലോ കലോത്സവം കഥകളുടെ ശേഖരണം അവതരണം അഭിനയം എന്നിവയിലൂടെ കഥ മനസിലാക്കുന്നു. കഥോത്സവം കഥകളുടെ ശേഖരണം അവതരണം അഭിനയം. | | | |
| അക്ഷര തെറ്റില്ലാതെ എഴുതാൻ പ്രാപ്തരാക്കുന്നു. | ഡയറി,അനുഭവ ക്കുറിപ്പ്,വായനക്കുറിപ്പ്, പുസ്തക പരിചയക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് എന്നിവ പരിശീലിപ്പിക്കുന്നു പതിപ്പ് തയ്യാറാക്കുന്നു. | ഒക്ടോബർ -മാർച്ച് | വിദ്യാരംഗം കലാ സാഹിത്യ വേദി | PTA BRC |
| പഴഞ്ചൊല്ലുകൾ,ശൈലികൾ, കടങ്കഥകൾ,പ്രയോഗങ്ങൾ എന്നിവ മനസ്സിലാക്കുന്നു പ്രയോഗിക്കുന്നു | കടങ്കഥ മത്സരം, പഴഞ്ചൊല്ല് ശേഖരണം,പതിപ്പ് നിർമ്മാണം നാടൻപാട്ടുകളുടെ ശേഖരം കവിയരങ്ങ്. | ജനുവരി ഫെബ്രുവരി | വിദ്യാരംഗം കലാ സാഹിത്യ വേദി | PTA BRC |
| ഗ്രാം,കിലോഗ്രാം | “കട” എന്ന | | | PTA |

| | | | | |
|---|---|---|---|---|
| **ക്വിന്റൽ,ടൺ, ലിറ്റർ, മില്ലിലിറ്റർ, സെന്റിമീറ്റർ, തുടങ്ങിയവയുമായി ബന്ധപ്പെട്ട ധാരണ ഉണ്ടാക്കുന്നു.** | **ആശയം ക്ലാസിൽ അവതരിപ്പിക്കുന്നു അളവുകളുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾ നിർദാരണം ചെയ്യുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു. ഫീൽഡ് ട്രിപ്പ്** | **ഫെബ്രുവരി** | **ഗണിത ക്ലബ്ബ്** | |
| ENGLISH | | | | |
| Aims | Activities | Duration | Support | Fund |
| Listen to instructions ant and engage in activities | Give more chance to hearing instructions based on the day today life and classroom (communicative English ) | June | | |
| Picture description | Picture description. Children talk about the pictures | July | | |
| Arrange words in alphabetical order | Introducing dictionary. Glossary making | Auguest-march | | |
| Make simple riddles | Give children the opportunity to hear and answer simple riddles and make simple riddles. | January | | |
| Reading card | <u>Workshop for parents</u> | January | | |

| | | | | |
|---|---|---|---|---|
| making | *Give more chance to use simple English words. Distribute the model of English reading cards. *Reading card making.<br>* children make reading cards. | March | | |
| Add more exchange to the conversation suitable to the context. | Conversation<br>• Reading<br>• Acting<br>• Add more | July-March | | |
| Identify rhyming words from the poem.<br>Add lines to a poem following a set pattern. | Identifying rhyming words from the poem at more lines to the poem.<br><br>Add more line to the poem | September.<br><br>October -December | | |
| Reads and understand the given stories and poems | Innovative activity " flowering buds " | November | English club | PTA |

| അക്കാദമിക മാസ്റ്റർ പ്ലാൻ യു പി ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| **അടിസ്ഥാന ഗണിതക്രിയകൾ** | **ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയ കൾ തുറപ്പിക്കുന്നതിനുള്ള** | **ജൂൺ** | **ഗണിത അ** | |

| | | | | |
|---|---|---|---|---|
| എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, ഫ്ലാഷ് കാർഡ്... സംഖ്യ- ഘടകങ്ങൾ ഗുണനഫലം - ഉത്തരങ്ങൾ, സംഖ്യ -ഗുണിതങ്ങൾ സംഖ്യ വർഗ്ഗം, ഒറ്റ സംഖ്യ -ഇരട്ട സംഖ്യ, അഭാജ്യ സംഖ്യ. | | ധ്യാപകൻ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | <u>ഐ ടി സാധ്യതകൾ</u> : ജ്യാമിതീയ രൂപങ്ങൾ, ചതുർഭുജങ്ങൾ ജെ ഫ്രാക്ഷൻ ലാബ് തുടങ്ങിയവ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗണിതം കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ ഒരു തവണ | ഗണിത അധ്യാപകൻ | |
| ഗണിതത്തിൽ | <u>ഗണിത ക്ലിനിക്ക്</u> ഗണിതത്തിൽ | ആഴ്ച | ഗണി | |

| | | | | |
|---|---|---|---|---|
| പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി മുൻനിരയിൽ നിൽക്കുന്ന കുട്ടികളും അധ്യാപകരും ചേർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | യിൽ ഒരു പിരീഡ് | ത അധ്യാപകൻ ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| ക്ലാസ് മുറിയിലെ ഗണിത പഠനം മത്സര പരീക്ഷകൾക്ക്. | എളുപ്പ വഴികളിലൂടെയും ട്രിക്കുകളിലൂടെയും അതിവേഗം ഗണിത പ്രശ്നങ്ങൾ സോൾവ് ചെയ്യുന്നു. | USS ലക്ഷ്യമിട്ട് സെപ്റ്റംബർ മുതൽ ആഴ്ചയിൽ രണ്ടു മണിക്കൂർ | ഗണിത അധ്യാപകൻ | |
| ഗണിത പഠനം പ്രായോഗിക തലത്തിൽ | ക്ലാസ് മുറികളിൽ പഠിച്ച ഗണിത ആശയങ്ങൾ വിവിധ സാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്താം എന്നതിന് സ്കൂളിൽ തയ്യാറാക്കിയിട്ടുള്ള | ആഗസ്റ്റ് മുതൽ ആവശ്യാനു | ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | ക്രിയേറ്റീവ് കോർണർ പ്രയോജനപ്പെടുത്തുന്നു. ഇതിനായി ലാബിൽ ഉള്ള അളവ് ഉപകരണങ്ങൾ സ്കെയിൽ മറ്റു ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് അളവെടുക്കൽ പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നു. | സരണം | | |

| അക്കാദമിക മാസ്റ്റർ പ്ലാൻ യു പി അടിസ്ഥാന ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | <u>ജൈവ വൈവിധ്യ പാർക്ക്</u><br>ഔഷധത്തോട്ടം,പച്ചക്കറിത്തോട്ടം,മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ, ശലഭോധ്യാനം എന്നിവ ഉൾപ്പെടുത്തി ജൈവവൈവിധ്യ പാർക്ക്.<br><u>പരീക്ഷണ കളരി</u><br>നിത്യ ജീവിതത്തിൽ പരിചിത മായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| | ആരംഭിക്കുന്നു. ക്രിയേറ്റീവ് കോർണർ ഉപയോഗപ്പെടുത്തി വിവിധ പരീക്ഷണങ്ങൾ നടപ്പിലാക്കുന്നു. | | | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പി ക്കുന്ന ആധുനിക ശാസ്ത്ര ഉപകരണ ങ്ങൾ കൈകാര്യം ചെയ്യാനു ള്ള കഴിവ് വർദ്ധിപ്പി ക്കുക. | <u>ശാസ്ത്ര വിസ്മയ ചുമർ</u><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br><br><u>യുറീക്ക</u><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്രലൈബ്രറി. | അ ക്കാദ മിക വർ ഷം | സയൻ സ് ക്ലബ്ബ് ബി ആർ സി | |
| ശാസ്ത്രരംഗ ത്തെ നൂതന ആശയങ്ങ ൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതക ളുമായി ബന്ധപ്പെടു ത്തി ശാസ്ത്ര | ICT ഈയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നതിനായി ശാസ്ത്ര ലോകത്തെ പുതിയ കണ്ടെത്തലുകൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ,പാഠഭാ ഗവുമായി ബന്ധപ്പെട്ട അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അ ക്കാദ മിക വർ ഷം<br><br>ഫെ ബ്രുവ രി | സയൻ സ് അധ്യാ പിക<br><br>സയൻ സ് ക്ലബ് | |

| | | | | |
|---|---|---|---|---|
| പഠനത്തിനായി പ്രയോജനപ്പെടുത്തുക. | പരീക്ഷണ കളരിയുടെ അവതരണം | | | |
| പ്രതിഭാശാലികളായ ഗവേഷണാത്മക ചിന്ത വർദ്ധിപ്പിക്കൽ | അവധി ദിവസങ്ങളിൽ ഇന്നോവേറ്റീവ് ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |

| അക്കാദമിക മാസ്റ്റർ പ്ലാൻ സോഷ്യൽ സയൻസ് (യു പി) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഇന്ത്യയുടെ ചരിത്രത്തെ കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക. | •ചരിത്രസ്മാരകങ്ങൾ ഉൾപ്പെടുത്തി ആൽബം നിർമിക്കൽ.<br>•ഭൂപട വായന.<br>•ഐസിടി ഉപയോഗിച്ച് ചരിത്രപ്രധാനങ്ങളായ സ്ഥലങ്ങളിലേയ്ക്ക് വെർച്വൽ ടൂർ.<br>•പഠന യാത്ര. | ജൂൺ<br>ജൂലൈ | സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ.<br>രക്ഷകർത്താക്കൾ |
| 2.ഭരണഘടനയെയും. നിയമങ്ങളെ | •സെമിനാർ<br>•ചർച്ച<br>•ബോധവത്കര | ജൂൺ. ഓഗ | സോഷ്യൽ സയൻ | സ്കൂൾ<br>പി ടി എ |

| | | | | |
|---|---|---|---|---|
| യും പരിചയപ്പെടുത്തുക | ണ ക്ലാസുകൾ<br>•സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പ്. | സ്റ്റ് | സ് ക്ലബ്. സ്കൂൾ പാർലിമെന്ററി കമ്മിറ്റി | |
| 3. ഭരണഘടനാമൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക.(തുല്യത, വിവേചനത്തിനെതിരെ...) | •നവോത്ഥാന നായകരുടെയും സ്വാതന്ത്ര്യസമര സേനാനികളുടെയും ജീവ ചരിത്രം പരിചയപ്പെടുത്തുന്നു.<br>•ക്വിസ്.<br>•<br>തുല്യത,വിവേചനം ഇവയുമായി ബന്ധപ്പെട്ട അനുച്ഛേദങ്ങളെക്കുറിച്ചും നിയമങ്ങളെ കുറിച്ചും ക്ലാസ്സിൽ ചർച്ച ചെയ്യുന്നു. | സെപ്റ്റംബർ | സോഷ്യൽ സയൻസ് ക്ലബ്<br><br>സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ |
| 4.നമ്മൾ ജീവിക്കുന്ന സമൂഹത്തെ അടുത്തറിയുന്നതിനും,സമൂഹത്തിലുള്ള വൈവിധ്യത്തെ | •ഗ്രാമ സന്ദർശനം<br>•സമൂഹത്തിലെ വിവിധ വ്യക്തിത്വങ്ങളുമായി അഭിമുഖം | അക്കാദമിക വർഷം | സോഷ്യൽ സയൻസ് ക്ലബ് | സ്കൂൾ |

| | | | | |
|---|---|---|---|---|
| ഉൾച്ചേർക്കുന്ന തിനുള്ള മനോഭാവം വളർത്തിയെടുക്കുക. | | | | |
| 5.ഇന്ത്യൻ ഉപഭൂഖണ്ഡ ത്തിന്റെ ഭൂമിശാസ്ത്രപര മായ വൈവിധ്യ ത്തെ കുറിച്ചുള്ള അടിസ്ഥാന അറിവുകൾ നേടിയെടുക്കുന്നു | •ഭൂപട വായന<br>•അറ്റ്ലസ് വിശകലനം<br>•ഐസിടി | ഒക്ടോബർ നവംബർ | സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ |
| 6.ഭൂമിയുടെ ഉള്ളറ അന്തരീക്ഷം ഇവയെ കുറിച്ചുള്ള അടിസ്ഥാന അറിവ് നേടുന്നതിനും ഭൂമി നേരിടുന്ന പ്രശ്നങ്ങളെ പരിചയപ്പെടുന്നതിനും. | •പ്രകൃതിദുരന്ത ങ്ങൾ കാലാവസ്ഥാവ്യതി യാനം ഇവയുമായി ബന്ധപ്പെട്ട പത്രവാർത്തകൾ ശേഖരിക്കുക.<br>• നിശ്ചല മാതൃകകൾ തയ്യാറാക്കുന്നു. | ഒക്ടോബർ നവംബർ | സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ. രക്ഷകർത്താക്കൾ |

| | | | | |
|---|---|---|---|---|
| 7.തൊഴിലിലെ വൈവിധ്യ ത്തെ അറിയുക, സാങ്കേതിക വിദ്യയോട്, താത്പര്യം ഉണ്ടാക്കിയെടു ക്കുക,സർക്കാ രിന്റെ വിവിധ പദ്ധതികളെ കുറിച്ചുള്ള അറിവ് നേടുക, സമ്പാദ്യ ശീലം വളർത്തുക. | •ബഡ്ജറ്റ് തയാറാക്കൽ.<br>•പഠനയാത്ര.<br>•സ്കൂൾ പച്ചക്കറി കൃഷി.<br>• സർക്കാർ പദ്ധതികളെ കുറിച്ചുള്ള ബ്രോഷർ /നോട്ടീസ് പ്രദർശനം | അ ക്കാദ മിക വർ ഷം | സോഷ്യ ൽ സയൻ സ് അധ്യാ പകർ. സ്കൂൾ സോഷ്യ ൽ സർവീ സ് സ്കീം | സോഷ്യൽ സർവീസ് സ്കീം |

| അക്കാദമിക മാസ്റ്റർ പ്ലാൻ -യു പി മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമത ല. | ഭൗതി കം |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3.വായനക്കാർഡുക ൾ നൽകൽ.<br>4. വാക്യങ്ങൾ നിർമ്മിക്കൽ<br>5.അടിക്കുറിപ്പ്<br>6. ചിത്രം നൽകി കഥ എഴുതൽ.<br>7. ഭാഷാപരമായി | ജൂൺ ജൂലൈ മുതൽ 3 മാസം | പിട എ അ ധ്യാപ കർ | പുസ്ത കങ്ങ ൾ, ചിത്ര ങ്ങൾ |

| | | | | |
|---|---|---|---|---|
| | പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | | | |
| കുട്ടികളെ മികച്ച വായനക്കാർ ആക്കുക | 1. ക്ലാസ് പൈനാക്കൂട്ടം രൂപീകരിക്കൽ.<br>2. സ്കൂൾ ലൈബ്രറി ഉപയോഗം.<br>3. സമീപ ഗ്രന്ഥശാല അംഗത്വം.<br>4. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവകേൾപ്പിക്കുന്നു.<br>5. അവതരണ വേദികൾ സജ്ജമാക്കുന്നു.<br>6. പ്രസംഗം കളരിയുടെ ഭാഗമായി ശില്പശാല സംഘടിപ്പിക്കുന്നു.<br>6. എഴുത്തുകൂട്ടവുമായി ബന്ധപ്പെട്ട ഓണാവധി കാലത്ത് ശില്പശാല നടത്തുന്നു. | ഡിസംബർ-ജനുവരി<br>പഠനോത്സവ വേദികൾ<br>ക്രിസ്മസ് അവധി<br>ഓണാവധി | പിടഎ<br>അധ്യാപക<br>പ്രഗൽഭർ | ഓഡിയോ വീഡിയോ |
| സദസ്സിനെ അഭിമുഖീകരിക്കാൻ കുട്ടിയെ | 1. പ്രസംഗം പരിശീലനക്കളരി.<br>വിവിധ | ജൂൺ 19 മുതൽ (6 | പിടഎ | ലൈബ്രറി, |

| | | | | |
|---|---|---|---|---|
| പ്രാപ്തനാക്കുക | വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുന്ന ക്ലാസുകളിൽ പ്രസംഗം അഭ്യതരിപ്പിക്കാനും അവസരം സൃഷ്ടിക്കുന്നു.<br>2. വായനോത്സവം സംഘടിപ്പിക്കൽ.<br>3. പത്രവാർത്ത, ആഴ്ച്ചപതിപ്പ്,മാസിക (വിദ്യാരംഗം) എന്നിവയുടെ വായന.<br>4. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ.<br>5. ആസ്വാദ്യകരമായ വായന.<br>6. ഇ -വായന. | മാസം) | അധ്യാപകർ | ഫോട്ടോകൾ |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തക ചർച്ച.<br>3. വായനക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ.<br>4. വ്യക്തിഗത രചന. | ആഗസ്റ്റ് | | |

| Academic Master plan U P-English | | | | |
|---|---|---|---|---|
| Aims | Activities | Duration | Club | Fund |

| | | | | |
|---|---|---|---|---|
| To enhance communicative skills. | Follow the instructions<br>Train the students to act according to the instructions given by the teacher in different situations.<br>Listening activity<br>Pupils are made to listen recorded audio and also encourage them to answer the questions related to it. | | | |
| | Treasure Hunt<br>Select different objects and keep them in different boxes that Treasure can be box of treat toy or any other object. Please in series of clothes that will lead the participant to the right treasure.<br>In order to ensure the whole participation the total students can be divided into four to five teams and this will encourage the teamwork and make the hunt more competitive.All the clues should be clear and age appropriate. | October | | |
| | Breaking news<br>Children are made to listen English news bulletin that enable them access better pronunciation.<br>They are also given chances to listen English rhymes song and these will really motivate them to learn more songs in English. | Academic year | | |
| | Meet thenforeigner<br>Pupil are given chance to interact with a non Keralite. | Once or twice in a year | | |
| | Put me in order<br>Different reading card are arranged in | November | | |

| | | | | |
|---|---|---|---|---|
| | jumbled order. Pupils are asked to arrange the words in correct order and make meaningful sentences | | | |
| Enhance Creative reading | <u>Reader of the month</u><br>Pupils are given chances to read newspaper. Best news reader is awarded.<br><br><u>Readers theatre</u><br>Stories from the text book our presented in the form of radiodrama. | Every month<br><br><br><br>Last term | | |

| **അക്കാദമിക മാസ്റ്റർ പ്ലാൻ-ഹിന്ദി** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| **5,6,7 ക്ലാസ്സുകളിൽ ഉള്ള എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ.** | **• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരമാല കളികൾ.<br>•വാക്കുകളുടെ നിർമ്മാണം.<br>• വാക്യങ്ങളുടെ നിർമ്മാണം.** | **ജൂൺ - ആഗസ്റ്റ്** | **ഹിന്ദി അധ്യാപിക** | |
| **പൊതു സദസ്സിൽ ആത്മവിശ്വാസത്തോടെ ഹിന്ദി സംസാരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക.** | **ഹിന്ദി അസംബ്ലി,വാർത്ത, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, പൊതുവിജ്ഞാന ചോദ്യങ്ങൾ, ചെറിയ പ്രസംഗം.** | **ജൂൺ -മാർച്ച്** | **ഹിന്ദി അധ്യാപകർ** | |
| **ഹിന്ദി അനായാസം** | **കേട്ടെഴുത്ത്,പദസൂര്യൻ,പ്രശ്നോത്തരി,സ്കിറ്റ്** | | | |

| | | | | |
|---|---|---|---|---|
| എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. | അവതരണം,എന്നിവ നൽകുന്നു, ചിത്രകഥ, കാർട്ടൂൺ,ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | | | |
| പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ചെറിയ വാക്കുകൾ ഉൾപ്പെടുന്ന അക്ഷരക്കാർഡ് നൽകുന്നു. | ജൂൺ -മാർച്ച് | ഹിന്ദി അധ്യാപകൻ | |